SSLC PRE MODEL EVALUATION-2023

MPM-101A

കേരള പാഠാവലി

Time:-45Minutes PART-A Total Score:-20

1 മുതൽ 3 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക **(2 × 1 = 2)**

1."തെറികാട്ടിയാശ്രമവിരുദ്ധാവൃത്തി നീ
ചെറുപാമ്പു ചന്ദനമരത്തിനെന്ന പോൽ "ചെറുപാമ്പ്എന്ന്ഇവിടെകവിവിശേഷിപ്പിക്കുന്നത് ആരെയാണ്?
[■.ദുഷ്ഷന്തനെ ■.സർവ്വദമനനെ ■.കണ്വ മഹർഷിയെ ■.താപസനെ]

2. "കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!
ദിഷ്ടമീ വടിവിയന്നു വന്ന പോൽ " –ഹാ! എന്ന ശബ്ദത്തിൽ തെളിയുന്ന ഭാവം?
[■ആശ്വാസം■സങ്കടം,■പരിഹാസം ■കോപം]

3. ഉപായത്തിലുള്ള ആനീങ്ങലിൽ പതുക്കെ ഒരു പഴുതുണ്ടായി. *പഴുതുണ്ടായി* എന്ന പദം പിരിച്ചെഴുതിയാൽ
[■ പഴു, തുണ്ടായി■പഴുതു, ണ്ടായി■ പഴുത്, ഉണ്ടായി■ പഴുത്, ണ്ടായി]

4 മുതൽ 6 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക. **(2× 2 = 4)**

4. "നോക്കൂ, നമുക്ക് അഞ്ചാമതൊരു കുട്ടിയുണ്ടായിരിക്കുന്നു. ഒരു മകൻ. പക്ഷെ, ഒരു വ്യത്യാസമുണ്ട്. ഇവൻ കുറച്ചു നാൾ നമ്മോടു കൂടി താമസിക്കും." _ ഡോക്ടർ തലത്ത് ഇങ്ങനെ പറഞ്ഞത് എന്തുകൊണ്ടാകാം? നിങ്ങളുടെ നിരീക്ഷണങ്ങൾ കുറിക്കുക.

5. "ഭോഗങ്ങളെല്ലാം ക്ഷണപ്രഭചഞ്ചലം
വേഗേന നഷ്ടമാമായുസ്സുമോർക്ക നീ "– വരികളിലെ കാവ്യഭംഗി കുറിക്കുക

6. "ഭാവശാലികൾ പിരിഞ്ഞു കൂടിയാ –
ലീവിധം വികലമാം സുഖോദയം " – ആശയം വ്യക്തമാക്കുക.

7 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക **(2x4 = 8)**

7 *വിശ്വരൂപം* എന്ന കഥ വിലയിരുത്തി തലക്കെട്ടിന്റെ ഔചിത്യം വ്യക്തമാക്കുക.

8. " ഒരു മനുഷ്യനെക്കൊണ്ട് പറഞ്ഞറിയിക്കുവാൻ നിവൃത്തിയില്ലാത്ത ഒരു ഭാവ വിശേഷത്തോടു കൂടി അയാൾ ആ വന്ദ്യനായ മെത്രാനെ തുറിച്ചു നോക്കി. "
ഴാങ് വാൽ ഴാങ്ങിന്റെ ഈ ഭാവമാറ്റത്തിന്റെ കാരണം എന്ത്? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

9. "കളിക്കോപ്പേൽക്കാനായ് കുതുകമൊടു നീട്ടീടിന കരം
വിളക്കിച്ചേർത്തോണം വിരൽനിര ഞെരുങ്ങിത്തൊടുകയാൽ
വിളങ്ങുന്ന രാഗം ഭൃശമെഴുമുഷസ്സിൽദ്വലകുലം
തെളിഞ്ഞീടാതൊന്നായ് വിടരുമൊരു തണ്ടാർമലരുപോൽ "– ചമത്കാരഭംഗി വ്യക്തമാക്കി കുറിപ്പു തയ്യാറാക്കുക.

10, 11 ചോദ്യങ്ങളിൽ ഏതെങ്കിലും 1 ന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. **(1X6 = 6)**

10. " ക്രോധമല്ലോ നിജ ധർമ്മ ക്ഷയകരം
ക്രോധം പരിത്യജിക്കേണം ബുധജനം" (ലക്ഷ്മണസാന്ത്വനം – എഴുത്തച്ഛൻ)
കോപം അഗ്നിപോലെയാണ്. നാശമുണ്ടാക്കിയേ അതടങ്ങൂ "(മഹാത്മാഗാന്ധി)
സൂചനകൾ, ലക്ഷ്മണ സാന്ത്വനം പാഠഭാഗത്തിന്റെ ആശയം എന്നിവയുടെ സമകാലിക പ്രസക്തി കണ്ടെത്തി *ക്രോധം _ ഒരു സാമൂഹ്യ വിപത്ത്* എന്ന വിഷയത്തിൽ മുഖപ്രസംഗം തയ്യാറാക്കുക.

11. "അപരിചിതരുടെ സ്വരങ്ങൾ കഴുത്തിനു ചുറ്റും പിരിഞ്ഞുമുറുകി. വെളളായിയപ്പനു ശ്വാസം മുട്ടി. "
"വെളളായിയപ്പന്റെ കണ്ണുകൾ വിടർന്നു. അവയിൽ അന്ധാളിപ്പു നിറഞ്ഞു. "
" തന്നോ?" വെള്ളായിയപ്പൻ പറഞ്ഞു(കടൽത്തീരത്ത്)
സൂചനകൾ, പാഠഭാഗം എന്നിവ വിലയിരുത്തി 'വെളളായിയപ്പൻ' എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.